പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

08.03.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 616

## പോലീസ് സ്റ്റേഷനുകളിൽ ശിശുക്ഷേമ ഓഫീസർമാരുടെ നിയമനം

### ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ശിശുക്ഷേമ ഓഫീസർ മാരെ നിയമിക്കണമെന്ന ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

ഉണ്ട്. ഇതു സംബന്ധിച്ച് പോലീസ് ആസ്ഥാനത്തു നിന്നും 26.12.2011-ൽ സർക്കുലർ നം.36/2011 പ്രകാരം എല്ലാ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ മാരെയും ശിശുക്ഷേമ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് ജില്ലകളിലും ഡി.വൈ.എസ്.പി/എ.സി.പി യുടെ നേതൃത്വത്തിൽ സി.ഐ വനിതാസെൽ, രണ്ടു വനിതാ സിവിൽ പോലീസ് ഓഫീസർമാർ ഉൾപ്പെടെ 4 സിവിൽ പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. ഈ സെല്ലിൽ എല്ലാ പോലീസ് സ്റ്റേഷനിലെയും ശിശുക്ഷേമ ഓഫീസർമാരെയും മെമ്പർമാരായി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ